**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4991** **20-03-2025 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ എ.ഇ.ഒ. -യുടെ കീഴിലെ പ്രീ പ്രൈമറി സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ എ.ഇ.ഒ. -യുടെ കീഴിൽ എത്ര പ്രീ പ്രൈമറി സ്കൂളുകൾ ഉണ്ടെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കാമോ; | (എ) | വൈപ്പിൻ എ.ഇ.ഒ യുടെ കീഴിൽ 8 പ്രീ-പ്രൈമറി സ്കൂളുകൾ ആണുള്ളത്.<br>1. ഗവ.എൽ.പി സ്കൂൾ പള്ളിപ്പോർട്ട് (ഗവൺമെന്റ് നേരിട്ട് ഓണറേറിയം നൽകുന്നത്)<br>2. ഗവ.യു.പി.എസ് വൈപ്പിൻ<br>3. ഗവ.യു.പി.എസ് പുതുവൈപ്പ്<br>4. ഗവ.യു.പി.എസ് എടവനക്കാട്<br>5. ഗവ.ഫിഷറീസ് യു.പി.എസ് ഞാറക്കൽ<br>6. ഗവ.എൽ.പി.എസ് എളങ്കുന്നപ്പുഴ<br>7. ഗവ. ന്യൂ എൽ.പി.എസ് എളങ്കുന്നപ്പുഴ<br>8. ഗവ.എൽ.പി.എസ് ചെറായി |
| (ബി) | പ്രസ്തുത സ്കൂളുകളിലെ സ്റ്റാഫുകൾ എത്രയാണെന്നും ഏതൊക്കെ കാറ്റഗറിയെന്നും വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത സ്കൂളുകളിലെല്ലാം ഒരു പ്രീ-പ്രൈമറി ടീച്ചറും ഒരു ആയയും വീതം ജോലി നോക്കുന്നുണ്ട്. |
| (സി) | വൈപ്പിൻ എ.ഇ.ഒ. -യുടെ കീഴിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകരുടെയും ആയമാരുടെയും ഓണറേറിയം കൃത്യമായി നൽകുന്നുണ്ടോയെന്ന് വിശദമാക്കാമോ; പ്രസ്തുത ഓണറേറിയം ഇനിയും നൽകുവാനുണ്ടോയെന്നും എങ്കിൽ ആയതിന്റെ കാരണവും വ്യക്തമാക്കാമോ; | (സി) | വൈപ്പിൻ എ.ഇ.ഒയുടെ കീഴിൽ പ്രവർത്തിക്കുന്ന നിയമനാംഗീകാരം ലഭിച്ചിട്ടുള്ള എല്ലാ പ്രീ-പ്രൈമറി അധ്യാപകരുടെയും ഓണറേറിയം കൃത്യമായി നൽകി വരുന്നു. പുതുവൈപ്പ് ഗവ.യു.പി സ്കൂളിലെയും, എളങ്കുന്നപ്പുഴ ഗവ.എൽ.പി സ്കൂളിലെയും ആയമാരുടെ ഓണറേറിയം ഒഴിച്ച് ബാക്കി എല്ലാ പ്രീ-പ്രൈമറി ആയമാർക്കും ഓണറേറിയം കൃത്യമായി നൽകി വരുന്നു.പ്രസ്തുത സ്കൂളുകളിലെ ആയമാരുടെ നിയമനങ്ങൾക്ക് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നൽകിയിരുന്നു. ഇവർക്ക് ഓണറേറിയം നൽകുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നു. ചെറായി ഗവ.എൽ.പി.എസ്സിലെ പ്രീ-പ്രൈമറി അധ്യാപികയുടെ നിയമനം |

| | | | |
|---|---|---|---|
| | | | അംഗീകരിക്കാത്തതിനാൽ ഓണറേറിയം നൽകിയിട്ടില്ല. |
| (ഡി) | വൈപ്പിൻ മണ്ഡലത്തിലെ ചെറായി ഗവ.എൽ.പി. സ്കൂളിന്റെ പ്രീ പ്രൈമറി വിഭാഗത്തിൽ 31.10.2012 -ന് ഒഴിവുണ്ടായപ്പോൾ പി.ടി.എ. തീരുമാനമനുസരിച്ച് നിയമിതയായ പ്രിയ വി.എസ്. ന് നാളിതുവരെ നിയമന അംഗീകാരവും ഓണറേറിയവും നൽകാത്തതിന്റെ കാരണം വിശദമാക്കാമോ; | (ഡി) | ശ്രീമതി.പ്രിയ.വി.എസിന് ഗവൺമെന്റ് നിഷ്കർഷിച്ച യോഗ്യതയോ 01/08/2012ന് ഒരു വർഷം സർവ്വീസോ ഇല്ലെന്നു കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ നിയമന അപേക്ഷ നിരസിച്ചിട്ടുണ്ട്. ആയതിനാലാണ് ടിയാൾക്ക് ഓണറേറിയം നൽകാത്തത്. |
| (ഇ) | ഈ വിഷയത്തിൽ നിരവധി കത്തുകളും പരാതികളും സമർപ്പിച്ചിട്ടും 12 വർഷമായി സേവനമനുഷ്ഠിക്കുന്ന പ്രിയ വി.എസ്. ന്റെ നിയമനവും ഓണറേറിയവും നൽകുന്നതുമായി ബന്ധപ്പെട്ട ഫയലിൽ നാളിതുവരെ ഉത്തരവ് പുറപ്പെടുവിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (ഇ) | ശ്രീമതി.പ്രിയ.വി.എസിന് ഗവൺമെന്റ് നിഷ്കർഷിച്ച യോഗ്യതയോ 01/08/2012ന് ഒരു വർഷം സർവ്വീസോ ഇല്ലെന്നു കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ നിയമന അപേക്ഷ നിരസിച്ചിട്ടുണ്ട്. ആയതിനാലാണ് ടിയാൾക്ക് ഓണറേറിയം നൽകാത്തത്. |
| (എഫ്) | 22.08.2024-ന് പ്രിയ വി.എസ്. തുടർനടപടികൾക്കായി എം.എൽ.എ. മുഖാന്തരം പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് (ഇ /8759174/2024/എം.ഐ.എൻ./ ഇ.ഡി.യു.) സമർപ്പിച്ച ഫയലിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരം ലഭ്യമാക്കാമോ? | (എഫ്) | പൊതു വിദ്യാഭ്യാസ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ